**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1123** **06-02-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂര്‍ത്തീകരിക്കാന്‍ സ്വീകരിച്ചു വരുന്ന നടപടികള്‍ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് താലൂക്കിൽപെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്ക് വേണ്ടി കിഫ്ബി ധനസഹായത്തോടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയ്ക്ക് 289.54 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്.<br><br>പമ്പാ നദി സ്രോതസ്സായിട്ടുള്ള ഈ പദ്ധതിയ്ക്ക് നീരേറ്റുപുറത്ത് 30 ദശലക്ഷം ലിറ്റർ പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണ ശാലയും 13 ഉന്നതതല ജല സംഭരണികളും 46.02 കിലോ മീറ്റർ ട്രാൻസ്മിഷൻ മെയിനും, 895 കിലോ മീറ്റർ വിതരണ ശൃംഖലയുമാണ് ഘടകങ്ങളായിട്ടുള്ളത്.<br>ഈ പദ്ധതി 6 പാക്കേജുകളിലായി നടപ്പാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ട സ്ഥലമേറ്റെടുപ്പ് പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയുടെ ഉന്നതതല ജലസംഭരണികളുടെ structural design, Rajeev Gandhi Institute of Technology വഴിയും ജലശുദ്ധീകരണ ശാലയുടെ ഡിസൈൻ കേരള വാട്ടർ അതോറിറ്റി WASCON വഴിയും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കിഫ്ബി ധനസഹായത്തോട് കൂടി കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി ഒരു പ്രത്യേക പ്രോജക്ട് ഇംപ്ലിമെൻറേഷൻ യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് ഉറപ്പ് വരുത്തുവാനായി വിവിധ തലങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ പദ്ധതികളുടെ ദൈനംദിന |

പുരോഗതി വിലയിരുത്തുന്നതിനായി Pask software ഉപയോഗിച്ച് വരുന്നു. പദ്ധതിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി നിയമസഭാ സമാജികരും, ജില്ലാ കളക്ടറും, കേരള സംസ്ഥാന പ്ലാനിംഗ് ബോർഡും, കിഫ്ബി ഉദ്യോഗസ്ഥരും, കേരള വാട്ടർ അതോറിറ്റി ഉന്നതതല ഉദ്യോഗസ്ഥരും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

പദ്ധതി പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**പാക്കേജ്-1:-**തലവടി പഞ്ചായത്തിലെ നിരേറ്റുപുറത്ത് ഇൻടേക്ക് സ്ട്രക്ചർ, റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികളാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
വിശദമായ എസ്റ്റിമേറ്റ് PRICE 3.0 യിൽ തയ്യാറാക്കിയിട്ടുണ്ട്. ടി പാക്കേജിലെ പ്രവൃത്തികൾ നടത്തുന്നതിനായി നീരേറ്റുപുറത്ത് കേരള ജല അതോറിറ്റിയുടെ ഉടമസ്ഥതയിലിലുള്ള സ്ഥലത്തിനോട് ചേർന്ന് 125 സെൻറ് സ്ഥലം ലഭ്യമായിട്ടുണ്ട്. കൂടാതെ ടി സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം പരിവർത്തന അനുമതി ലഭ്യമായിട്ടുണ്ട്.

**പാക്കേജ് 2:-** തലവടിയിൽ 8 ലക്ഷം ലിറ്ററും, എടത്വയിൽ 11 ലക്ഷം ലിറ്ററും, വീയപുരത്ത് 4.75 ലക്ഷം ലിറ്ററും ശേഷിയുള്ള ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിനും, നീരേറ്റുപുറത്തെ ജലശുദ്ധീകരണശാലയിൽ നിന്നും തലവടി, എടത്വ, വീയപുരം എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണിയിലേക്ക് ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണവുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
വിശദമായ എസ്റ്റിമേറ്റ് PRICE 3.0 യിൽ തയ്യാറാക്കിയിട്ടുണ്ട്. വീയപുരത്ത് ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനു വേണ്ടി പഞ്ചായത്തിന്റെ അധീനതയിൽ നിന്നും കൈമാറിയ 20 സെൻറ് സ്ഥലം തണ്ണീർത്തടം ആണെന്നാണ് പഞ്ചായത്ത് അറിയിച്ചിരിക്കുന്നത്. പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് അനുമതി ലഭ്യമാകേണ്ടതായിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായുള്ള അപേക്ഷകളും, രേഖകളും പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്.

**പാക്കേജ് 3:-** നീരേറ്റുപുറത്തെ ജലശുദ്ധീകരണ ശാലയിൽ നിന്നും മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, പുളിങ്കുന്ന്, കാവാലം, നെടുമുടി, ചമ്പക്കുളം, കൈനകരി എന്നിവിടങ്ങളിലെ ഉന്നതതല ജല സംഭരണികളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിനു വേണ്ടിയുള്ള പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വിശദമായ എസ്റ്റിമേറ്റ് PRICE 3.0 യിൽ തയ്യാറാക്കിയിട്ടുണ്ട്. ഈ പാക്കേജിന്റെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതിൽ KSTP ക്കു കീഴിൽ പ്രവൃത്തി നടക്കുന്ന ആലപ്പുഴ ചങ്ങനാശ്ശേരി റോഡിൽ 9.4 കി.മീ. പമ്പിംഗ് മെയിൻ സ്ഥാപിക്കേണ്ടതുണ്ട്. പ്രസ്തുത റോഡിൽ KSTP-യുടെ കരാറുകാരൻ മുഖേന പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി സർക്കാർ ഉത്തരവ് 19.05.2022 ൽ പുറപ്പെടുവിക്കുകയും പ്രവൃത്തി ചെയ്യുന്നതിന് ആവശ്യമായ 21.8 കോടി രൂപ 09.11.2022 ൽ KSTP ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

**പാക്കേജ് 4:-** എടത്വ, വീയപുരം, തലവടി, തകഴി എന്നീപഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും, തകഴി പഞ്ചായത്തിൽ 6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വിശദമായ എസ്റ്റിമേറ്റ് PRICE 3.0 യിൽ തയ്യാറാക്കിയിട്ടുണ്ട്. തകഴി പഞ്ചായത്തിലെ ജലവിതരണ ശൃംഖല പൂർത്തീകരിക്കുന്നതിന് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന റെയിൽവേ ക്രോസിംഗിനുള്ള അനുമതി ലഭ്യമാകേണ്ടതായിട്ടുണ്ട്. ഇതിന്റെ മണ്ണ് പരിശോധന NITകോഴിക്കോട് പൂർത്തീകരിച്ചു. തുടർ നടപടികൾ പുരോഗമിക്കുന്നു.

**പാക്കേജ് 5:-** മുട്ടാറിൽ 3.5 ലക്ഷം ലിറ്ററും, വെളിയനാട് 4.5 ലക്ഷം ലിറ്ററും, നീലംപേരൂരിൽ 5.5 ലക്ഷം ലിറ്ററും ശേഷിയുള്ള ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിനും, ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വിശദമായ എസ്റ്റിമേറ്റ് PRICE 3.0 യിൽ തയ്യാറാക്കിയിട്ടുണ്ട്. വെളിയനാട് പഞ്ചായത്തിൽ

| | | | |
|---|---|---|---|
| | | | ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെൻറ് സ്ഥലം 10.06.2022 ൽ കൈമാറിയിട്ടുണ്ട്. കൂടാതെ ടി സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് വെറ്റ് ലാൻ്റ് കൺവേർഷന് അനുമതി ഉത്തരവ് 01.08.2022 ൽ ലഭ്യമായിട്ടുണ്ട്.<br><br>**പാക്കേജ് 6:-** രാമങ്കരിയിൽ 5.75 ലക്ഷം ലിറ്ററും, പുളിങ്കുന്നിൽ 12 ലക്ഷം ലിറ്ററും, കാവാലത്ത് 8 ലക്ഷം ലിറ്ററും, കൈനകരിയിൽ 7 ലക്ഷം ലിറ്ററും, നെടുമുടിയിൽ 8.5 ലക്ഷം ലിറ്ററും, ചമ്പക്കുളത്ത് 5.5 ലക്ഷം ലിറ്ററും ശേഷിയുള്ള ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിനും, ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമായുള്ള പ്രവൃത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>വിശദമായ എസ്റ്റിമേറ്റ് PRICE 3.0 യിൽ തയ്യാറാക്കിയിട്ടുണ്ട്. പുളിങ്കുന്ന് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെൻറ് സ്ഥലം ലഭ്യമായിട്ടുണ്ട്. ടി സ്ഥലത്ത് നിർമ്മാണ പ്രവർത്തികൾ നടത്തുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം പരിവർത്തന അനുമതി ലഭ്യമാകേണ്ടതുണ്ട്.<br><br>PRICE 3.0 പ്രകാരം പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് GST കൂടിയതിനാലും DSR 2018 Rate revision വന്നതിനാലും LSGD റോഡ് റിസ്റ്റോറേഷൻ ഉൾപ്പെടുത്തിയതിനാലും ടി പദ്ധതി തുക 387.91 കോടിരൂപയായി വർദ്ധിച്ചു. അധിക തുകയായ 98.371 കോടി രൂപയുടെ ഭരണാനുമതി സർക്കാരിന്റെ പരിഗണനയിലാണ്.<br><br>10/01/2023 ൽ കിഫ്ബി ആസ്ഥാനത്ത് കുട്ടനാട് എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കുട്ടനാട് കുടിവെള്ള പദ്ധതിയിൽ നിലവിൽ അനുവദിക്കപ്പെട്ടിരിക്കുന്ന ഭരണാനുമതിയിൽ ഉൾപ്പെടുത്തി പാക്കേജുകളായി തിരിച്ച് ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു. ശുദ്ധീകരണ ശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും പ്രവൃത്തികൾ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (ബി) | കുട്ടനാട് താലൂക്കിൽപെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്ക് വേണ്ടി കിഫ്ബി ധനസഹായത്തോടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയാണിത്. പ്രസ്തുത |

പദ്ധതിയ്ക്ക് 289.54 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്.

പമ്പാ നദി സ്രോതസ്സായിട്ടുള്ള ഈ പദ്ധതിയ്ക്ക് നീരേറ്റുപുറത്ത് 30 ദശലക്ഷം ലിറ്റർ പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണ ശാലയും 13 ഉന്നതതല ജല സംഭരണികളും 46.02 കിലോ മീറ്റർ ട്രാൻസ്മിഷൻ മെയിനും, 895 കിലോ മീറ്റർ വിതരണ ശൃംഖലയുമാണ് ഘടകങ്ങളായിട്ടുള്ളത്.
ഈ പദ്ധതി 6 പാക്കേജുകളിലായി നടപ്പാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ട സ്ഥലമേറ്റെടുപ്പ് പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയുടെ ഉന്നതതല ജലസംഭരണികളുടെ structural design, Rajeev Gandhi Institute of Technology വഴിയും ജലശുദ്ധീകരണ ശാലയുടെ ഡിസൈൻ കേരള വാട്ടർ അതോറിറ്റി WASCON വഴിയും പൂർത്തീകരിച്ചിട്ടുണ്ട്.

കിഫ്ബി ധനസഹായത്തോട് കൂടി കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി ഒരു പ്രത്യേക പ്രോജക്ട് ഇംപ്ലിമെൻറേഷൻ യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് ഉറപ്പ് വരുത്തുവാനായി വിവിധ തലങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ പദ്ധതികളുടെ ദൈനംദിന പുരോഗതി വിലയിരുത്തുന്നതിനായി Pask software ഉപയോഗിച്ച് വരുന്നു. പദ്ധതിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി നിയമസഭാ സമാജികരും, ജില്ലാ കളക്ടറും, കേരള സംസ്ഥാന പ്ലാനിംഗ് ബോർഡും, കിഫ്ബി ഉദ്യോഗസ്ഥരും, കേരള വാട്ടർ അതോറിറ്റി ഉന്നതതല ഉദ്യോഗസ്ഥരും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

പദ്ധതി പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**പാക്കേജ്-1:-**തലവടി പഞ്ചായത്തിലെ നിരേറ്റുപുറത്ത് ഇൻടേക്ക് സ്ട്രക്ചർ, റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികളാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
വിശദമായ എസ്റ്റിമേറ്റ് PRICE 3.0 യിൽ തയ്യാറാക്കിയിട്ടുണ്ട്. ടി പാക്കേജിലെ പ്രവൃത്തികൾ നടത്തുന്നതിനായി നീരേറ്റുപുറത്ത് കേരള ജല അതോറിറ്റിയുടെ ഉടമസ്ഥതയിലിലുള്ള സ്ഥലത്തിനോട് ചേർന്ന് 125 സെൻറ് സ്ഥലം

ലഭ്യമായിട്ടുണ്ട്. കൂടാതെ ടി സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം പരിവർത്തന അനുമതി ലഭ്യമായിട്ടുണ്ട്.

**പാക്കേജ് 2:-** തലവടിയിൽ 8 ലക്ഷം ലിറ്ററും, എടത്വയിൽ 11 ലക്ഷം ലിറ്ററും, വീയപുരത്ത് 4.75 ലക്ഷം ലിറ്ററും ശേഷിയുള്ള ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിനും, നീരേറ്റുപുറത്തെ ജലശുദ്ധീകരണശാലയിൽ നിന്നും തലവടി, എടത്വ, വീയപുരം എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണിയിലേക്ക് ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണവുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
വിശദമായ എസ്റ്റിമേറ്റ് PRICE 3.0 യിൽ തയ്യാറാക്കിയിട്ടുണ്ട്. വീയപുരത്ത് ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനു വേണ്ടി പഞ്ചായത്തിന്റെ അധീനതയിൽ നിന്നും കൈമാറിയ 20 സെൻറ് സ്ഥലം തണ്ണീർത്തടം ആണെന്നാണ് പഞ്ചായത്ത് അറിയിച്ചിരിക്കുന്നത്. പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് അനുമതി ലഭ്യമാകേണ്ടതായിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായുള്ള അപേക്ഷകളും, രേഖകളും പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്.

**പാക്കേജ് 3:-** നീരേറ്റുപുറത്തെ ജലശുദ്ധീകരണ ശാലയിൽ നിന്നും മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, പുളിങ്കുന്ന്, കാവാലം, നെടുമുടി, ചമ്പക്കുളം, കൈനകരി എന്നിവിടങ്ങളിലെ ഉന്നതതല ജല സംഭരണികളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിനു വേണ്ടിയുള്ള പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
വിശദമായ എസ്റ്റിമേറ്റ് PRICE 3.0 യിൽ തയ്യാറാക്കിയിട്ടുണ്ട്. ഈ പാക്കേജിന്റെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതിൽ KSTP ക്കു കീഴിൽ പ്രവൃത്തി നടക്കുന്ന ആലപ്പുഴ ചങ്ങനാശ്ശേരി റോഡിൽ 9.4 കി.മീ. പമ്പിംഗ് മെയിൻ സ്ഥാപിക്കേണ്ടതുണ്ട്. പ്രസ്തുത റോഡിൽ KSTP-യുടെ കരാറുകാരൻ മുഖേന പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി സർക്കാർ ഉത്തരവ് 19.05.2022 ൽ പുറപ്പെടുവിക്കുകയും പ്രവൃത്തി ചെയ്യുന്നതിന് ആവശ്യമായ 21.8 കോടി രൂപ

| | | | |
|---|---|---|---|
| | | | 09.11.2022 ൽ KSTP ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.<br><br>**പാക്കേജ് 4:-** എടത്വ, വീയപുരം, തലവടി, തകഴി എന്നീപഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും, തകഴി പഞ്ചായത്തിൽ 6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>വിശദമായ എസ്റ്റിമേറ്റ് PRICE 3.0 യിൽ തയ്യാറാക്കിയിട്ടുണ്ട്. തകഴി പഞ്ചായത്തിലെ ജലവിതരണ ശൃംഖല പൂർത്തീകരിക്കുന്നതിന് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന റെയിൽവേ ക്രോസിംഗിനുള്ള അനുമതി ലഭ്യമാകേണ്ടതായിട്ടുണ്ട്. ഇതിന്റെ മണ്ണ് പരിശോധന NITകോഴിക്കോട് പൂർത്തീകരിച്ചു. തുടർ നടപടികൾ പുരോഗമിക്കുന്നു.<br><br>**പാക്കേജ് 5:-** മുട്ടാറിൽ 3.5 ലക്ഷം ലിറ്ററും, വെളിയനാട് 4.5 ലക്ഷം ലിറ്ററും, നീലംപേരൂരിൽ 5.5 ലക്ഷം ലിറ്ററും ശേഷിയുള്ള ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിനും, ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>വിശദമായ എസ്റ്റിമേറ്റ് PRICE 3.0 യിൽ തയ്യാറാക്കിയിട്ടുണ്ട്. വെളിയനാട് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെൻറ് സ്ഥലം 10.06.2022 ൽ കൈമാറിയിട്ടുണ്ട്. കൂടാതെ ടി സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് വെറ്റ് ലാന്റ് കൺവേർഷന് അനുമതി ഉത്തരവ് 01.08.2022 ൽ ലഭ്യമായിട്ടുണ്ട്.<br><br>**പാക്കേജ് 6:-** രാമങ്കരിയിൽ 5.75 ലക്ഷം ലിറ്ററും, പുളിങ്കുന്നിൽ 12 ലക്ഷം ലിറ്ററും, കാവാലത്ത് 8 ലക്ഷം ലിറ്ററും, കൈനകരിയിൽ 7 ലക്ഷം ലിറ്ററും, നെടുമുടിയിൽ 8.5 ലക്ഷം ലിറ്ററും, ചമ്പക്കുളത്ത് 5.5 ലക്ഷം ലിറ്ററും ശേഷിയുള്ള ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിനും, ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമായുള്ള പ്രവൃത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>വിശദമായ എസ്റ്റിമേറ്റ് PRICE 3.0 യിൽ തയ്യാറാക്കിയിട്ടുണ്ട്. പുളിങ്കുന്ന് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 |

| | | | |
|---|---|---|---|
| | | | സെൻറ് സ്ഥലം ലഭ്യമായിട്ടുണ്ട്. ടി സ്ഥലത്ത് നിർമ്മാണ പ്രവർത്തികൾ നടത്തുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം പരിവർത്തന അനുമതി ലഭ്യമാകേണ്ടതുണ്ട്.<br><br>PRICE 3.0 പ്രകാരം പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് GST കൂടിയതിനാലും DSR 2018 Rate revision വന്നതിനാലും LSGD റോഡ് റിസ്റ്റൊറേഷൻ ഉൾപ്പെടുത്തിയതിനാലും ടി പദ്ധതി തുക 387.91 കോടിരൂപയായി വർദ്ധിച്ചു. അധിക തുകയായ 98.371 കോടി രൂപയുടെ ഭരണാനുമതി സർക്കാരിന്റെ പരിഗണനയിലാണ്.<br><br>10/01/2023 ൽ കിഫ്ബി ആസ്ഥാനത്ത് കുട്ടനാട് എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കുട്ടനാട് കുടിവെള്ള പദ്ധതിയിൽ നിലവിൽ അനുവദിക്കപ്പെട്ടിരിക്കുന്ന ഭരണാനുമതിയിൽ ഉൾപ്പെടുത്തി പാക്കേജുകളായി തിരിച്ച് ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു. ശുദ്ധീകരണ ശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും പ്രവൃത്തികൾ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. |
| (സി) | ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) | **2024 ഓടു കൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.** |
| (ഡി) | പ്രസ്തുത പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായിട്ടുള്ള കൃത്യമായ മേൽനോട്ടം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ? | (ഡി) | **കിഫ്ബി ധനസഹായത്തോട് കൂടി കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി ഒരു പ്രത്യേക പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് ഉറപ്പ് വരുത്തുവാനായി വിവിധ തലങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ പദ്ധതികളുടെ ദൈനംദിന പുരോഗതി വിലയിരുത്തുന്നതിനായി Pask software ഉപയോഗിച്ച് വരുന്നു. പദ്ധതിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി നിയമസഭാ സമാജികരും, ജില്ലാ കളക്ടറും, കേരള സംസ്ഥാന പ്ലാനിംഗ് ബോർഡും, കിഫ്ബി ഉദ്യോഗസ്ഥരും, കേരള വാട്ടർ അതോറിറ്റി ഉന്നതതല ഉദ്യോഗസ്ഥരും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ